Kerala Gazette No. 11 dated 16th March 2021.
**PART I** **Section iii**

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ഐ) വകുപ്പ്

## വിജ്ഞാപനം

2021 ഫെബ്രുവരി 10

നമ്പർ 6862/ലെഗ്.ഐ2/2020/നിയമം. തിരുവനന്തപുരം, 1196 മകരം 28

1942 മാഘം 21.

2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു, പി. കെ.,
നിയമ സെക്രട്ടറി.

G. 15/2021/DTP.

## 2021-ലെ 26-ാം നമ്പർ ഓർഡിനൻസ്

# 2021-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ഓർഡിനൻസ്

പീഠിക.—2020-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ഓർഡിനൻസ് (2020-ലെ 29) 2020 ഏപ്രിൽ 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ആഗസ്റ്റ് 24-ാം തീയതി ആരംഭിച്ച് അന്നേദിവസം തന്നെ അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2020-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ഓർഡിനൻസ് (2020-ലെ 54) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേദിവസം തന്നെ അവസാനിച്ചതും (പ്രത്യേക സമ്മേളനം), 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിന് ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2021 ഫെബ്രുവരി 11-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2021-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2020 ഏപ്രിൽ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1951-ലെ XIV-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.— ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിന് (1951-ലെ XIV-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം 4-ഉം 5-ഉം 6-ഉം വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്കു വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിൽ, നിലവിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൊറോണ വൈറസ് (കൊവിഡ്-19) മഹാമാരി കാരണമുണ്ടായ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനായി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് നൽകേണ്ടതായ ശമ്പളവും ക്ഷാമബത്തയും നിയോജകമണ്ഡല അലവൻസും 2020 ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുന്ന ഒരു വർഷക്കാലയളവിലേക്ക് മുപ്പത് ശതമാനം കുറവ് ചെയ്യേണ്ടതാണ്.".

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിൽ, നിലവിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൊറോണ വൈറസ് (കൊവിഡ്-19) മഹാമാരി കാരണമുണ്ടായ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനായി, നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവർക്ക് നൽകേണ്ടതായ ശമ്പളവും ക്ഷാമബത്തയും, നിയോജകമണ്ഡല അലവൻസും 2020 ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുന്ന ഒരു വർഷക്കാലയളവിലേക്ക് മുപ്പത് ശതമാനം കുറവ് ചെയ്യേണ്ടതാണ്.".

5. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ, 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൊറോണ വൈറസ് (കൊവിഡ്-19) മഹാമാരി കാരണമുണ്ടായ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനായി, നിയമസഭാംഗങ്ങൾക്ക് നൽകേണ്ടതായ, (1)-ാം ഉപവകുപ്പിന്റെ ഖണ്ഡം (എ) യിൽ പരാമർശിച്ചിരിക്കുന്ന സ്ഥിരബത്തയും ഖണ്ഡം (എ എ) യിൽ പരാമർശിച്ചിരിക്കുന്ന നിയോജകമണ്ഡല അലവൻസും 2020 ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുന്ന ഒരു വർഷക്കാലയളവിലേക്ക് മുപ്പത് ശതമാനം കുറവ് ചെയ്യേണ്ടതാണ്.".

6. 8എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8എ വകുപ്പിൽ,—

(i) (5എ) ഉപവകുപ്പ്, (5 എ എ) ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത (5 എ എ) ഉപവകുപ്പിനു മുൻപായി, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(5എ). (5)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൊറോണ വൈറസ് (കൊവിഡ്-19) മഹാമാരി കാരണമുണ്ടായ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനായി, നിയമസഭാംഗങ്ങൾക്ക് നൽകേണ്ടതായ, ടെലഫോൺ അലവൻസ് 2020 ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുന്ന ഒരു വർഷക്കാലയളവിലേക്ക് മുപ്പത് ശതമാനം കുറവ് ചെയ്യേണ്ടതാണ്.".

(ii) അപ്രകാരം പുനരക്കം ചെയ്ത (5 എ എ) ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5 എ എ എ). (5 എ എ) ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൊറോണ വൈറസ് (കൊവിഡ്-19) മഹാമാരി കാരണമുണ്ടായ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനായി, നിയമസഭാംഗങ്ങൾക്ക് നൽകേണ്ടതായ, ഇൻഫർമേഷൻ അലവൻസും സംപ്റ്റ്യുവറി അലവൻസും 2020 ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുന്ന ഒരു വർഷക്കാലയളവിലേക്ക് മുപ്പത് ശതമാനം കുറവ് ചെയ്യേണ്ടതാണ്.".

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2020-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ഓർഡിനൻസ് (2020-ലെ 54) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

എസ്. സന്ധ്യ,

അഡീഷണൽ നിയമ സെക്രട്ടറി.

---